## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6681 09/07/2014-ൽ മറുപടിക്ക്

### പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മയും കുഞ്ഞും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പോഷകാഹാരക്കുറവ് നേരിടുന്ന പട്ടികവർഗ്ഗക്കാരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | എ | കണക്കാക്കിയിട്ടില്ല. 'ജാതക്' എന്ന സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ അട്ടപ്പാടിയിലെ കടുത്ത പോഷണക്കുറവുള്ള പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം 71 ആയും നേരിയ പോഷണക്കുറവുള്ള കുട്ടികളുടെ എണ്ണം 300 ആയും കണക്കാക്കിയിട്ടുണ്ട്. |
| ബി | പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുക എപ്രകാരം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | ബി | പോഷണക്കുറവ് പരിഹരിക്കുന്നതിനായി, 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുക 'ജനനി ജന്മ രക്ഷ' പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടേയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയ്ക്കായി ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം പോസ്റ്റാഫീസ് വഴി മണിയോർഡറായി തുക ഗുണഭോക്താക്കൾക്ക് നൽകി. |
| സി | പ്രതിമാസം ആയിരം രൂപ വീതമുള്ള ആനുകൂല്യം എത്ര അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | സി | 6384 അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്നു. |

സെക്ഷൻ ഓഫീസർ